**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2187** **16-03-2022 - ൽ മറുപടിയ്ക്ക്**

**സർവീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോക്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ മലയോര മേഖലയിലും വനപ്രദേശത്തോട് ചേർന്നും സ്ഥിതിചെയ്യുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ പരിചയസമ്പന്നരായ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഡോക്ടർമാരുടെ യോഗ്യതയും സീനിയോരിറ്റിയും മറ്റു മാനദണ്ഡങ്ങളും കണക്കിലെടുത്തു കൊണ്ടാണ് ആരോഗ്യ വകുപ്പ് നിയമനങ്ങൾ നടത്തുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ ഓരോ ഡോക്ടറും സ്ഥലംമാറ്റത്തിന് വിധേയമാണെന്നിരിക്കെ കൂടുതൽ പരിചയവും അനുഭവസമ്പത്തുള്ളതും അല്ലാത്തവരുമായ ഡോക്ടർമാരെ മാത്രം ഒരു സ്ഥാപനത്തിൽ നിയമിക്കുന്നത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നതല്ല. പരിശീലനങ്ങളും അനുഭവസമ്പത്തും കൊണ്ട് എല്ലാ ഡോക്ടർമാരും ഒരേ നിലവാരത്തിൽ എത്തുമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് ജീവനക്കാരെ വിന്യസിക്കുന്നതും അവർക്കാവശ്യമായ പരിശീലനം നൽകുന്നതും. ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഭീഷണിയായ ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയായ ആരോഗ്യ ബോധവത്ക്കരണം ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ പരിചയവും അനുഭവസമ്പത്തുമുള്ള ഡോക്ടർമാരെ നിയമിച്ച് ജീവിതശൈലി രോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഡോക്ടർമാരുടെ യോഗ്യതയും സീനിയോരിറ്റിയും മറ്റു മാനദണ്ഡങ്ങളും കണക്കിലെടുത്തു കൊണ്ടാണ് ആരോഗ്യ വകുപ്പ് നിയമനങ്ങൾ നടത്തുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ ഓരോ ഡോക്ടറും സ്ഥലംമാറ്റത്തിന് വിധേയമാണെന്നിരിക്കെ കൂടുതൽ പരിചയവും അനുഭവസമ്പത്തുള്ളതും അല്ലാത്തവരുമായ ഡോക്ടർമാരെ മാത്രം ഒരു സ്ഥാപനത്തിൽ നിയമിക്കുന്നത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നതല്ല. പരിശീലനങ്ങളും അനുഭവസമ്പത്തും കൊണ്ട് എല്ലാ ഡോക്ടർമാരും ഒരേ നിലവാരത്തിൽ എത്തുമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് |

| | | | |
|---|---|---|---|
| | | | ജീവനക്കാരെ വിന്യസിക്കുന്നതും അവർക്കാവശ്യമായ പരിശീലനം നൽകുന്നതും. ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഭീഷണിയായ ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയായ ആരോഗ്യ ബോധവത്ക്കരണം ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്. |
| (സി) | അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി നിലവിലുള്ള ആ.കു.വ./ എ3/570/പാർട്ട്-3 നമ്പർ ഫയലിന്മേൽ അച്ചടക്കനടപടികൾ തീർപ്പാക്കി ജോലിയിൽ തിരികെ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന പരിചയസമ്പന്നരായ ഡോക്ടർമാരെ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അനുകൂല നിലപാട് സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | എ3/570/2018/ആകുവ പാർട്ട് (3) ഫയലിൽ 1960 ലെ കെ.സി.എസ് (സി.സി.&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്. |
| (ഡി) | അനുഭവസമ്പത്തുള്ള ഡോക്ടർമാരുടെ സേവനം ആവശ്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത വിഷയത്തിൽ അനുഭാവ നിലപാട് സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | എ3/570/2018/ആകുവ പാർട്ട് (3) ഫയലിൽ 1960 ലെ കെ.സി.എസ് (സി.സി.&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ